സ്വീകരിക്കുവാനും നിർദ്ദേശിച്ചതുപ്രകാരം കളക്ടറേറ്റിൽ വച്ച് വനം വകുപ്പ് അധികൃതരെ ഉൾപ്പെടുത്തി മീറ്റിംഗ് കൂടുകയും ബന്ധപ്പെട്ടവർക്കുമേൽ നിർദ്ദേശം ജില്ലാ കളക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ സംയുക്ത പരിശോധന തുടർന്നുവരുന്നു. ഇതിനായി രണ്ട് സ്പെഷ്യൽ ഓഫീസുകൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി രേഖകളിൽ മാറ്റം വരുത്തി കൈവശ കർഷകരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നുണ്ട്.

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം

134 (5217) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ കൈവശാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം തലശ്ശേരി നഗരസഭയ്ക്ക് വിട്ടുതരണമെന്നാവശ്യപ്പെട്ട് ശ്രീമതി ആമിന മാളിയേക്കൽ, ചെയർപേഴ്സൺ, തലശ്ശേരി മുനിസിപ്പാലിറ്റി എന്നവരുടെ ഒരു നിവേദനം 27-9-2014-ന് ലഭ്യമായിട്ടുണ്ട്.

(ബി)-ഈ വിഷയത്തിൽ നിലവിലുള്ള വ്യവസ്ഥകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നൊച്ചാട് ഗ്രാമപഞ്ചായത്തിന് ഭൂമി ലഭിക്കാൻ നടപടി

135 (5218) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൊച്ചാട് ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിൽ നിന്ന് ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ (4525/U/2014/RD) എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റേതായി നിലവിൽ ഒരു പഞ്ചായത്ത് ഓഫീസ് ഉള്ളതായി അപേക്ഷയോടൊപ്പമുള്ള സ്കെച്ചിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റേതായി ഒരു കെട്ടിടം നിലനിൽക്കെ സമാന ആവശ്യത്തിനായി സർക്കാർ ഭൂമി ആവശ്യപ്പെടുന്നത് സംബന്ധിച്ചും ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിലേക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ 27-5-2014, 14-11-2014 എന്നീ തീയതികളിൽ കോഴിക്കോട് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അർഹത പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റിക്ക് ഏറ്റെടുത്ത ഭൂമി

136 (5219) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിക്ക് വേണ്ടി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് ഭൂമി ഏറ്റെടുത്തിരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചത് എപ്പോഴാണ് ; ഏത് ഉത്തരവ് പ്രകാരമാണ് അവസാനിപ്പിച്ചത് എന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ഡി) പൊതു ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാത്ത സാഹചര്യം വന്നാൽ ആയത് മറ്റ് സർക്കാർ വകുപ്പുകൾക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകണമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly